# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട്, തിരുവനന്തപുരം.
ഫോൺ : 0471 2315156; ഫാക്സ് :0471 2315156;
ഇമെയിൽ: devaswomcommissionertdb@gmail.com

ആർ.ഒ.സി. 2/10/പി.ഒ.എസ്.ജി.ആർ.സി. ദേവസ്വം കമ്മീഷണർ ഓഫീസ്,
തിരുവനന്തപുരം, 27/03/2018.

**ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്.**

വിഷയം :-ബോണ്ട് വച്ച് ഗ്രാറ്റുവിറ്റി അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന :-09-03-2018-ലെ ആർ.ഒ.സി. 14351/15/പെൻഷൻ നമ്പർ ബോർഡുത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള എസ്റ്റാബ്ളിഷ്മെന്റ്, മരാമത്ത്, ക്ഷേത്ര ജീവനക്കാർ ഉൾപ്പെടെ എല്ലാ വിഭാഗം ജീവനക്കാർക്കും കേരള സർക്കാരിന്റെ 02-11-2011-ലെ 77/2011/ധന, 21-06-2014-ലെ 64/14/ധന എന്നീ സർക്കുലറുകൾ പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ബാധകമാക്കിയും. ആയതിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനും, ആഡിറ്റ് തടസ്സവാദങ്ങൾ നീക്കം ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ 200/- രൂപയുടെ ബോണ്ട് പേപ്പറിൽ അനുബന്ധം I പ്രകാരം സേവന കാലത്തെ ഏതെങ്കിലും സാമ്പത്തിക ബാദ്ധ്യത ആഡിറ്റിൽ കണ്ടെത്തുന്ന പക്ഷം പ്രസ്തുത ബാദ്ധ്യത തിരിച്ചടച്ചുകൊള്ളാമെന്നും, അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടത്തി ഈടാക്കാവുന്നതാണെന്നുമുള്ള സമ്മതപത്രം സമർപ്പിക്കുന്ന പക്ഷം ഡി.സി.ആർ. ഗ്രാറ്റുവിറ്റി നൽകുന്നതിന് അനുവദിച്ച് സൂചനയായി ബോർഡ് ഉത്തരവ് ലഭിച്ചിട്ടുള്ളതാണ്.

പ്രസ്തുത ബോർഡുത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് ഡി.സി.ആർ.ജി. അനുവദിക്കുന്നതിന് ആഡിറ്റ് തടസ്സവാദങ്ങൾ നിലനിൽക്കുന്നുവെങ്കിൽ ആഡിറ്റ് തടസ്സവാദങ്ങൾ നിലനിൽക്കുന്ന ആഫീസ്/ദേവസ്വങ്ങൾ ഏതൊക്കെയാണ് എന്നത് സംബന്ധിച്ചും, കൂടാതെ ജീവനക്കാരന്റെ പേരിൽ നിലവിൽ ചുമതല നിലനിൽക്കുന്ന പക്ഷം ആ വിവരവും ഉൾപ്പെടുത്തി വിരമിക്കുന്ന ആഫീസുകളിൽ നിന്നും ആഫീസ് മേലധികാരിയുടെ റിപ്പോർട്ടും. നിയമാനുസൃത ബോണ്ടും, ജീവനക്കാരന്റെ അപേക്ഷയും സഹിതം ദേവസ്വം കമ്മീഷണർ/ചീഫ് . എൻജിനീയർക്ക് ഹാജരാക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരന് ഡി.സി.ആർ.ജി. അനുവദിക്കുന്നതിന് ദേവസ്വം അക്കൗണ്ട്സ് ആഫീസർക്ക് ഉത്തരവ് നൽകുന്നതുമാണ്.

മേൽ പ്രകാരം ബോണ്ട് വയ്പിച്ച് ഡി.സി.ആർ.ജി. നൽകുന്നതിന് ശുപാർശ അയയ്ക്കുമ്പോൾ അതുവരെ തിട്ടപ്പെടുത്തിയ എല്ലാ ബാദ്ധ്യത തുകയും പ്രസ്തുത് ജീവനക്കാരൻ ദേവസ്വം ഫണ്ടിൽ ഒടുക്കു വരുത്തിയെന്നതിന് ഓഫീസ് മേധാവിയുടെ ഒരു ഡിക്ലറേഷൻ കൂടി റിപ്പോർട്ടിനോടൊപ്പം അയച്ചിരിക്കണം.

# കേരള സർക്കാർ
## ധനകാര്യ (പെൻഷൻ-ബി) വകുപ്പ്

**സർക്കുലർ**

നം. 64/2014/ധന. **തിരുവനന്തപുരം, തീയതി 2014 ജൂൺ 21**

വിഷയം:- പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

പരാമർശം:- സർക്കുലർ നം. 77/11/ധന തീയതി 2-11-2011

വിരമിച്ച സർക്കാർ ഉദ്യോഗസ്ഥന്റെ പേരിൽ ആഡിറ്റ് ക്ലിയർ ചെയ്യുവാൻ സാങ്കേതികമായി തടസമുണ്ടെങ്കിൽ, ബാദ്ധ്യത ഉണ്ടാകുന്നപക്ഷം തിരിച്ചടയ്ക്കുകയോ തിരിച്ചുപിടിക്കുന്നതിന സമ്മതമാണ് എന്നോ ഉള്ള സാക്ഷിപത്രത്തിന്മേൽ ഡി.സി.ആർ.ജി അനുവദിക്കേണ്ടതാണെന്ന് പരാമർശ പ്രകാരമുള്ള സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ വിരമിച്ച സർക്കാർ ഉദ്യോഗസ്ഥർ ലഭ്യമാക്കുന്ന ബാദ്ധ്യതാ സർട്ടിഫിക്കറ്റിനോടൊപ്പമുള്ള സമ്മതപത്രത്തിന് ഐകരൂപ്യമില്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(2) മേൽ സാഹചര്യത്തിൽ പരാമർശം ഒന്നിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ആഡിറ്റ് തടസ്സവാദം നീക്കം ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ 100 രൂപയുടെ ബോണ്ട് പേപ്പറിൽ അനുബന്ധം 1 പ്രകാരമുള്ള സമ്മതപത്രം സമർപ്പിക്കുന്നപക്ഷം ഡി.സി.ആർ.ജി അനുവദിക്കാവുന്നതാണ്.

(3) എല്ലാ പെൻഷൻ സാങ്ഷനിംഗ് അധികാരികളും മേൽ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

**രാജേഷ് കുമാർ സിൻഹ**

ഫിനാൻസ് എക്സ്പെന്റിച്ചർ സെക്രട്ടറി (ഫിനാൻസ്)

അനുബന്ധം 1

## സമ്മതപത്രം

എന്റെ സേവനകാലത്തെ എന്തെങ്കിലും സാമ്പത്തിക ബാദ്ധ്യത ആഡിറ്റിൽ കണ്ടെത്തുന്നപക്ഷം ടി ബാദ്ധ്യത ഞാൻ തിരിച്ചടക്കുന്നതാണ്. അല്ലാത്തപക്ഷം ടി ബാദ്ധ്യത റവന്യൂ റിക്കവറി നടപടികൾ പ്രകാരം എന്റെ പേരിലുള്ളതോ എനിക്കവകാശപ്പെട്ടതോ ആയ സ്ഥാവര ജംഗമവസ്തുക്കളിൽ നിന്നും ഈടാക്കാവുന്നതാണ് എന്നും സമ്മതിച്ചുകൊള്ളുന്നു.

സ്ഥലം: ഒപ്പ്

തീയതി: പേര്

മേൽവിലാസം

സാക്ഷികൾ:

| പേര് | ഔദ്യോഗിക മേൽവിലാസം | ഒപ്പ് |
|---|---|---|
| 1) | | |